**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **29-08-2022 - ൽ മറുപടിയ്ക്ക്**

**ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ബഫർ സോണുമായി ബന്ധപ്പെട്ട 2019 ലെ മന്ത്രി സഭാ തീരുമാനത്തെ തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം 31-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടു വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കി.മീ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കി.മീ നിർബന്ധമായും ബഫർ സോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രവുമല്ല കരട് വിജ്ഞാപന നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ അതിൽ പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ല എന്ന വ്യവസ്ഥയും ഇല്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ച ശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്നതാണ്. കരട് വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ച ശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളേയും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28.09.2020 ൽ അന്നത്തെ ബഹു. വനം വന്യജീവി വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗ തീരുമാനവും 31.10.2019 ലെ സർക്കാർ ഉത്തരവിന് |

| | | | |
|---|---|---|---|
| | | | അകത്തു നിന്നു കൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കി.മീ എന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമോ അതിൽ നിന്നും വ്യതിചലിച്ചു കൊണ്ടോ ഉള്ളതല്ല. ഈ യോഗതീരുമാന പ്രകാരം തയ്യാറാക്കിയ ജനവാസ മേഖലകളും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാക്കുന്നതിന് വേണ്ടിയാണ് 27.07.2022 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം ബഹു. സുപ്രീം കോടതിയിൽ പുനപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹു. സുപ്രീം കോടതി വിധി നിലനിൽക്കെ പുതിയ തീരുമാനം കൈക്കൊണ്ടു എന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുമാണ്. ആയതിനാൽ അനാവശ്യമായി 31.10.2019 ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല. |
| (ബി) | പ്രസ്തുത ഉത്തരവ് പൂർണമായി പിൻവലിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ തയ്യാറാകുമോ; | (ബി) | ബഫർ സോണുമായി ബന്ധപ്പെട്ട 2019 ലെ മന്ത്രി സഭാ തീരുമാനത്തെ തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം 31-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടു വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കി.മീ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കി.മീ നിർബന്ധമായും ബഫർ സോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രവുമല്ല കരട് വിജ്ഞാപന നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ അതിൽ പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ല എന്ന വ്യവസ്ഥയും ഇല്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ച ശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്നതാണ്. കരട് വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഗണിച്ച ശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളേയും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28.09.2020 ൽ അന്നത്തെ ബഹു. വനം വന്യജീവി വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗ തീരുമാനവും 31.10.2019 ലെ സർക്കാർ ഉത്തരവിന് അകത്തു നിന്നു കൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കി.മീ എന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമോ അതിൽ നിന്നും വ്യതിചലിച്ചു കൊണ്ടോ ഉള്ളതല്ല. ഈ യോഗതീരുമാന പ്രകാരം തയ്യാറാക്കിയ ജനവാസ മേഖലകളും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാക്കുന്നതിന് വേണ്ടിയാണ് 27.07.2022 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം ബഹു. സുപ്രീം കോടതിയിൽ പുനപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹു. സുപ്രീം കോടതി വിധി നിലനിൽക്കെ പുതിയ തീരുമാനം കൈക്കൊണ്ടു എന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുമാണ്. ആയതിനാൽ അനാവശ്യമായി 31.10.2019 ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല. |
| (സി) | സംസ്ഥാനത്തെ 23 വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസ മേഖലകൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുന്നവരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ജനവാസ മേഖലകളും കൃഷിയിടങ്ങളും സർക്കാർ, അർദ്ധ സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളും പൂർണമായും ഒഴിവാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി വനം-വന്യജീവി വകുപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിച്ച രേഖകളും നടപടികളും ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനവും അന്തിമ വിജ്ഞാപനവും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലാണ് പ്രസിദ്ധീകരിക്കുന്നത്. 31-10-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിന്ന് 03-01-2020-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ പെരിയാർ വന്യജീവി സങ്കേതത്തിന്റേത് ഒഴികെയുള്ള എല്ലാ കരട് വിജ്ഞാപനവും മതികെട്ടാൻഷോല ദേശീയോദ്യാനത്തെ സംബന്ധിക്കുന്ന അന്തിമ |

വിജ്ഞാപനവും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

2019-ലെ സർക്കാർ ഉത്തരവ് ഇക്കോ സെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-09-2020-ൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളും സർക്കാർ/ അർദ്ധ സർക്കാർ / പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി 05-10-2020 മുതൽ 07-04-2022 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച കരട് നിർദ്ദേശങ്ങളിന്മേൽ അധിക വിവരങ്ങൾ കൂടി ലഭ്യമാക്കിക്കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതി യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരവെയാണ് ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവ് ലഭിക്കുകയും ആയതിനെ തുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 29-06-2022-ലെ എഫ് നം.11/20/2018-ESZ നമ്പർ കത്ത് പ്രകാരം സംസ്ഥാനത്ത് നിന്ന് സമർപ്പിച്ചിരുന്ന കരട് നിർദ്ദേശങ്ങൾ മടക്കി അയയ്ക്കുകയും ചെയ്തത്.

10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനുമുള്ള നടപടികൾക്കായി ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം ഒരു പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നമ്പർ 25558-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ സംസ്ഥാനത്ത് നിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായി അപേക്ഷിച്ചിട്ടുണ്ട്. ഇത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം

| | | | |
|---|---|---|---|
| | | | ലഭിച്ചാൽ മാത്രമെ ടി കരട് വിജ്ഞാപന നിർദ്ദേശങ്ങൾ അന്തിമ വിജ്ഞാപനമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ